കുന്ദമംഗലം നിയോജക മണ്ഡലത്തിൽ പൂർത്തിയാക്കിയ വാട്ടർ സപ്ലൈ സ്കീമുകൾ

109 (559) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്ദമംഗലം നിയോജകമണ്ഡലത്തിൽ പൂർത്തിയാക്കിയ വാട്ടർ സപ്ലൈ സ്കീമുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) അതിനായി ഓരോ വർഷവും ആകെ ചെലവഴിച്ച തുക എത്രയെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

തേനാംപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

110 (560) ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃത്താല മണ്ഡലത്തിലെ തേനാംപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ബി) ഈ പദ്ധതി പ്രവർത്തനങ്ങൾക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) തുടർ പ്രവർത്തനങ്ങൾക്ക് എത്രതുക വേണ്ടിവരുമെന്ന് വിശദമാക്കുമോ ;

(ഡി) തേനാംപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രവർത്തനങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള തടസ്സം നിലനിൽക്കുന്നുണ്ടോ ; എങ്കിൽ ആയത് പരിഹരിച്ച് പദ്ധതി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തേനാംപാറ പദ്ധതി 3-3-2001-ൽ ഭാഗികമായി കമ്മീഷൻ ചെയ്തു. ഈ പദ്ധതിയുടെ ഉദ്ദേശിക്കപ്പെട്ട ആയക്കെട്ട് 440 ഹെക്ടറാണ്. പമ്പ് ഹൗസിന്റെയും 1745 മീറ്റർ കനാലിന്റെയും പണി പൂർത്തീകരിച്ചതാണ്. ആയക്കെട്ടിൽ പൂർണമായും ജലസേചനം ലഭ്യമാക്കണമെങ്കിൽ 5200 മീറ്റർ പുതിയ കനാൽ നിർമ്മിക്കേണ്ടതുണ്ട്.

(ബി) ഈ പദ്ധതി പ്രവർത്തനങ്ങൾക്കായി നാളിതുവരെ 101.48 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഈ പദ്ധതി പൂർണ്ണമായി നടപ്പിലാക്കുന്നതിന് ഏകദേശം 300 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[നക്ഷത്രചിഹ്നമിടാത്ത 109(559)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

സീരിയൽ നമ്പർ	പദ്ധതിയുടെ പേര്	ചെലവഴിച്ച തുക (ലക്ഷത്തിൽ) 2004-05	2005-06	2006-07	2007-08	2008-09	2009-11	ആകെ
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)
1	ഡബ്ല്യു.എസ്.എസ്. വാർഡ്—6 കരുവട്ടൂർ	...	...	...	...	15.31	1.04	16.35
2	ഡബ്ല്യു.എസ്.എസ്. വാർഡ്—4 പെരുവണ്ണ	...	...	...	...	11.71	8.36	20.07
3	ഡബ്ല്യു.എസ്.എസ്. വാർഡ്—9 പെരുവയൽ	...	...	...	...	5.06	9.99	15.05
4	ഡബ്ല്യു.എസ്.എസ്. വാർഡ്—9 മുക്കം	...	...	...	...	13.89	0.94	14.83
5	ഡബ്ല്യു.എസ്.എസ്. വാർഡ്—3 കരുവട്ടൂർ	...	...	...	...	14.56	0.19	14.75
6	ഡബ്ല്യു.എസ്.എസ്. വാർഡ്—7 കരുവട്ടൂർ	...	...	...	...	25.10	7.33	32.43
7	ഡബ്ല്യു.എസ്.എസ്. വാർഡ്—1 പെരുവണ്ണ	...	...	...	...	9.40	1.10	10.50
8	എസ്.സി.പി. ഡബ്ല്യു.എസ്.എസ്—പുലിക്കുഴി-പുറായുൽ ഹരിജൻ കോളനി	...	6.04	4.62	...	...	...	10.66
9	എസ്.സി.പി. ഡബ്ല്യു.എസ്.എസ്.—കയ്യിട്ടാംപൊയിൽ ഹരിജൻ കോളനി	9.23	10.60	2.30	...	...	...	22.13
10	എസ്.സി.പി. ഡബ്ല്യു.എസ്.എസ്.—വട്ടോളിപറമ്പ് ഹരിജൻ കോളനി	2.50	5.50	3.69	...	...	...	11.69

LIBRARY ARCHIVES Kerala Legislative Assembly

11	എസ്.സി.പി. ഡബ്ല്യു.എസ്.എസ്.—ഈഗിൽ പ്ലാന്റേഷൻ ഹരിജൻ കോളനി	...	11.50	4.31	...	...	...	15.81
12	എസ്.സി.പി. ഡബ്ല്യു.എസ്.എസ്. കരിയാത്തൻ കുന്ന് ഹരിജൻ കോളനി	...	11.58	4.89	...	...	...	16.47
13	എസ്.സി.പി. ഡബ്ല്യു.എസ്.എസ്. പണിയരുകുന്ന് ഹരിജൻ കോളനി	...	...	9.10	...	...	...	9.10
14	എസ്.സി.പി. ഡബ്ല്യു.എസ്.എസ്. കല്ലറകുന്ന് ഹരിജൻ കോളനി	...	...	...	...	13.67	0.29	13.96
15	എസ്.സി.പി. ഡബ്ല്യു.എസ്.എസ്.—കുനിയിൽ ഹരിജൻ കോളനി	...	...	...	...	2.90	9.02	11.92
16	എസ്.സി.പി. ഡബ്ല്യു.എസ്.എസ്. നടുവത്ത്താഴം ഹരിജൻ കോളനി	...	...	...	...	1.80	11.59	13.39
17	എസ്.സി.പി. ഡബ്ല്യു.എസ്.എസ്. പുളക്കോട്, വാവാട് ഹരിജൻ കോളനി	...	...	...	...	2.62	7.62	10.24